# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ : ശ്രീ. ഹരികിഷോർ ഐ.എ.എസ്)**

വിഷയം:- കുടുംബശ്രീ - ജില്ലാ സംസ്ഥാനതല ഭക്ഷ്യമേളകളുടെ നടത്തിപ്പ് -2018-19 ലെ മാർഗ്ഗ നിർദ്ദേശവും തുകയും അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

## Order No. 5801/J /2018/KSHO dated 21.06.2018

കഫേ കുടുംബശ്രീ യൂണിറ്റുകളുടെ ഉന്നമനത്തിനും വിപണി വികസനത്തിനുമായി നടത്തി വരുന്ന ഭക്ഷ്യമേളകളുടെ സംഘാടനം 2017-18 സാമ്പത്തിക വർഷത്തിൽ സുസ്ഥിരവും കാര്യക്ഷമവുമായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 28.07.2017 ന് ഉത്തരവ് നമ്പർ 7103/ജെ/2017/കെ.എസ്.എച്ച്.ഒ മുഖേന പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് താഴെ പറയുന്ന വിധത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

കേരളത്തിന്റെ തനത് ഭക്ഷ്യ വിഭവങ്ങൾ മായമില്ലാതെ പാചകം ചെയ്ത് കേരള ജനതക്ക് നൽകുവാനും ഇതിലൂടെ കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുവാനും കാറ്ററിംഗ് യൂണിറ്റുകൾക്ക് 'പെർഫോമൻസ് ഇപ്രൂവ്മെന്റ്' പരിശീലനം നൽകുവാനും ഉദ്ദേശിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന വിപണനരീതിയാണ് ഭക്ഷ്യമേളകൾ. ഭക്ഷ്യമേളകൾ ജില്ലാമിഷനുകൾ നേരിട്ട് നടപ്പിലാക്കുന്ന ഒരു പ്രധാന പ്രവർത്തനമാക്കി മാറ്റുവാനും കഫേ കുടുംബശ്രീയ്ക്ക് മെച്ചപ്പെട്ട ബ്രാൻഡിംഗ് ഉറപ്പുവരുത്തുവാനും എല്ലാ കാറ്ററിംഗ് യൂണിറ്റുകളെയും ഭക്ഷ്യമേളയിലേയ്ക്ക് എത്തിക്കുവാനും കഫേ കുടുംബശ്രീയുടെ സാമൂഹ്യ അംഗീകാരം വർദ്ധിപ്പിക്കുവാനുമാണ് ടി ഉത്തരവിലൂടെ 2017-18 ൽ ലക്ഷ്യമിട്ടത്. . ഒരു പരിധിവരെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ജില്ലാമിഷനുകൾക്ക് സാധിച്ചിട്ടുണ്ട്. 2017-18 ലെ ഭക്ഷ്യമേളകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 2018-19 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 300 കഫേ കുടുംബശ്രീ യൂണിറ്റുകളെ കൂടുതൽ ശക്തിപ്പെടുത്തുവാനും കുറഞ്ഞത് 80 ഭക്ഷ്യമേളകൾ ജില്ലാ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച് 5 കോടി രൂപയെങ്കിലും വിറ്റ്വരവ് യൂണിറ്റുകൾക്ക് നേടിക്കൊടുത്ത് ടി യൂണിറ്റുകളെ സ്ഥിരം കഫേകളാക്കി മാറ്റുവാനുമാണ് ലക്ഷ്യമിടുന്നത്.

സംഘാടനം

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അദ്ധ്യക്ഷനായും സൂക്ഷ്മ സംരംഭ/വിപണി വികസനത്തിന്റെ ചുമതലയുള്ള എഡിഎംസി കൺവീനറും ജില്ലയിലെ എം.ഇ., മാർക്കറ്റിംഗ് ചുമതലകളുള്ള ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാർ, തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, മാർക്കറ്റിംഗ് സി.ആർ.പിമാർ എന്നിവർ അംഗങ്ങളായും ഒരു ജില്ലാതല സംഘാടക സമിതി രുപീകരിച്ച് ജില്ലകൾ ഭക്ഷ്യമേളകളുടെ സംഘാടനം സുഗമമായി നടത്തേണ്ടതാണ്. മേളയുടെ സംഘാടനം, യൂണിറ്റുകളുടെ തിരഞ്ഞെടുപ്പ്, വിറ്റ് വരവ് കണക്കുകൾ തയ്യാറാക്കൽ, ബാനർ/ബിൽ ബുക്കുകൾ ലഭ്യമാക്കൽ, ന്യായവില ഉറപ്പാക്കൽ, ബില്ലിംഗിനായി സി.ആർ.പി മാരെ നിയോഗിക്കൽ, പ്രചരണം, പൊതുജനശ്രദ്ധ ആകർഷിക്കുന്നതിനുള്ള നടപടികൾ മേളകളുടെ തീയതികൾ/സ്ഥലങ്ങൾ തീരുമാനിക്കൽ, സുരക്ഷിതത്വം, അടിസ്ഥാന സൗകര്യങ്ങൾ, പ്രാദേശിക സ്പോൺസർഷിപ്പുകൾ, മേള സമയത്തും സമാപനത്തിനും ശേഷമുള്ള വിലയിരുത്തൽ തുടങ്ങിയവയാണ് സംഘാടക സമിതിയുടെ ചുമതലകൾ. മേളക്ക് ആവശ്യമായ പ്രചരണം ലഭിക്കുവാൻ തദ്ദേശഭരണ പ്രതിനിധികളെയും കലാ-സാംസ്കാരിക-സാമൂഹ്യ രംഗങ്ങളിലെ പ്രമുഖരെയും ഉൾപ്പെടുത്തി ഉദ്ഘാടനം നിർവ്വഹിക്കേണ്ടതാണ്. ഓരോ ദിവസവും മേളയിലേക്ക് പ്രമുഖരെ ക്ഷണിക്കേണ്ടതാണ്. മേളയിൽ ഹരിത പ്രോട്ടോകോൾ പാലിക്കണം. പേപ്പർ/തുണി ക്യാരിബാഗുകൾ ലഭ്യമാക്കണം. ആവശ്യമായ പ്രചാരണം സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കണം.

ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം തദ്ദേഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് ജില്ലാമിഷനുകൾ കണ്ടെത്തേണ്ടതാണ്. സൗജന്യമായോ കുറഞ്ഞ വാടകക്കോ ലഭിക്കുന്ന, എന്നാൽ ആളുകൾക്ക് എത്തിച്ചേരാൻ സാധിക്കുന്ന സ്ഥലങ്ങൾ ജില്ലാമിഷൻ കണ്ടെത്തണം. ജില്ലയിലെ എല്ലാ കഫേ യൂണിറ്റുകൾക്കും തുല്യമായ പങ്കാളിത്തം ലഭിക്കുന്നുണ്ടെന്ന് ജില്ലാമിഷൻ ഉറപ്പുവരുത്തേണ്ട താണ്. ജില്ലയിലെ താൽപര്യമുള്ള എല്ലാ യൂണിറ്റുകളെയും മാറി മാറി ഭക്ഷ്യമേളകളിൽ പങ്കെടുപ്പിക്കാൻ ജില്ലാമിഷൻ ശ്രദ്ധിക്കേണ്ടതാണ്. മേള യിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് സ്ഥിരം കഫേകൾ/ ഓർഡർ അനുസരിച്ച് ഭക്ഷണം പാകം ചെയ്തു നൽകുന്ന കാറ്ററിംഗ് യൂണി

റ്റുകൾ സ്ഥാപിക്കുവാൻ യൂണിറ്റുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം ജില്ലാമിഷൻ ചെയ്തുകൊടുക്കേണ്ടതാണ്. ഒരു ഭക്ഷ്യമേള അഞ്ചു മുതൽ പത്ത് ദിവസം വരെയാണ് നടത്തേണ്ടത്. മേളയോടനുബന്ധിച്ച് അയൽക്കൂട്ടാംഗങ്ങളുടെയും ബാലസഭാ കുട്ടികളുടെയും രംഗശ്രീയുടെയും മറ്റും കലാപരിപാടികൾ സാമ്പത്തിക ബാധ്യത വരാത്തരീതിയിൽ നടത്തേണ്ടതാണ്.

ഭക്ഷ്യമേളകൾക്ക് പന്തലും മറ്റും തയ്യാറാക്കുമ്പോൾ 25% സ്ഥലം അടുക്കള/പ്രദർശനത്തിനായും 75% സ്ഥലം ആളുകൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സ്ഥലമായും വേർതിരിക്കേണ്ടതാണ്. ഒരു യൂണിറ്റിന് കുറഞ്ഞത് 200 സ്ക്വയർഫീറ്റ് സ്ഥലമെങ്കിലും അടുക്കള/പ്രദർശനത്തിനായി ലഭ്യമാക്കേണ്ടതാണ്. ഒരു യൂണിറ്റിന്റെ കൗണ്ടറിന് കുറഞ്ഞത് 10 അടി വീതിയെങ്കിലും നൽകേണ്ടതാണ്.

ഭക്ഷ്യമേളയിൽ പാചകസ്ഥലം, ഭക്ഷ്യ പ്രദർശന സ്ഥലം, ഭക്ഷണം കഴിക്കുന്നതിനുള്ള സ്ഥലം, കൈ കഴുകുന്നതിനുള്ള സ്ഥലം, പാത്രങ്ങൾ കഴുകുന്നതിനുള്ള സ്ഥലം എന്നിവ പ്രത്യേകം വേർതിരിച്ച് ഉണ്ടാക്കണം. ആവശ്യമായ മാലിന്യ നീക്കത്തിനുള്ള സംവിധാനവും ഡ്രെയിനേജ് സംവിധാനവും ഉണ്ടായിരിക്കണം. ഡൈനിംഗിനായി കുറഞ്ഞത് 5 വട്ടമേശകളും വട്ടമേശകൾക്കു ചുറ്റും കുറഞ്ഞത് 5 കസേരകൾ വീതവും ഉണ്ടാകണം. മേശകൾക്കും കസേരകൾക്കും വിരി/കവർ ഉണ്ടാകണം. ടേബിൾ കവറുകളിലും കഫേ കുടുംബശ്രീയുടെയും, ഭക്ഷ്യമേളയുടേയും വ്യക്തമായ ബ്രാൻഡിംഗ് ചെയ്യുന്നത് ഉചിതമായിരിക്കും. കിച്ചൺ ഏരിയ മറ്റുള്ളവർ പ്രവേശിക്കുവാൻ കഴിയാത്തവിധത്തിൽ വേർതിരിച്ചിരിക്കണം. ഭക്ഷണം കഴിക്കുന്ന പാത്രങ്ങൾ കഴുകുവാനും വലിയ പാത്രങ്ങൾ കഴുകുവാനും സന്ദർശകർക്ക് കാണുവാൻ കഴിയാത്ത വിധത്തിൽ പ്രത്യേകം പ്രത്യേകം സ്ഥലവും ടാപ്പുകളും (ഡിഷ് വാഷ് ഏരിയ) ഉണ്ടാകണം.

സന്ദർശകർക്ക് കൈ കഴുകുവാൻ പ്രത്യേകം ടാപ്പുകൾ ഉണ്ടാകണം. കുടിവെള്ളത്തിനായും പാചക ആവശ്യങ്ങൾക്കായും കുടിവെള്ളം പ്രത്യേക ടാപ്പുകളിൽ നൽകണം. കുടിവെള്ളം ജഗ്ഗുകളിൽ ഓരോ മേശയിലും ക്രമീകരിക്കണം. മാലിന്യം ശേഖരിക്കാനും യഥാസമയം നീക്കം ചെയ്യുവാനും ക്രമീകരണം ഉണ്ടായിരിക്കണം. മതിയായ വെളിച്ചം പാചക സ്ഥലത്തും ഭക്ഷണ സ്ഥലത്തും ഉണ്ടാകണം. മേള കഴിഞ്ഞ്

സ്ഥലത്ത് നിന്നും എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യണം. ഭക്ഷ്യമേളക്കാവശ്യമായ എല്ലാവിധ ലൈസൻസുകളും ജില്ലാമിഷൻ വാങ്ങേണ്ടതാണ്. പാചക സ്ഥലത്ത് തീ പിടിക്കാതിരിക്കാനുള്ള മുൻകരുതലും അഗ്നിശമന ഉപകരണങ്ങളും ഉണ്ടാകണം.

**സാമ്പത്തികം**

മേളയുടെ വിജയകരമായ നടത്തിപ്പിന് സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തുന്നതിന് ജില്ലാമിഷൻ പ്രാദേശികമായും ശ്രമിക്കേണ്ടതാണ്. ഭക്ഷ്യമേളയുടെ സംഘാടനത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ എൻ.ആർ.എൽ.എം പദ്ധതി വിഹിതത്തിൽ ബിഡി04 ഉപശീർഷകത്തിൽ മാർക്കറ്റിംഗ് ശീർഷകത്തിൻ കീഴിൽ 10,00,000/- രൂപ വീതം ജില്ലാ മിഷനുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു. ഈ തുക ഉപയോഗിച്ച് കുറഞ്ഞത് 5 മേളകൾ ജില്ലാമിഷൻ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത തുക താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

1. സ്ഥലം വാടക (ബാധകമെങ്കിൽ)/പന്തൽ

2. മേളയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

   (വെള്ളം, മേശകൾ, ഡിസ്പ്ലേ മേശകൾ, കസേരകൾ, കൈകഴുകുന്നതിനും പാത്രങ്ങൾ കഴുകുന്നതിനുമുള്ള സൗകര്യം, ആവശ്യമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, കാർപ്പറ്റോട് കൂടിയ ഫ്ളോറിംഗ് (ബാധകമെങ്കിൽ), ശുചീകരണം, മാലിന്യ സംസ്ക്കരണം, ഫർണിച്ചർ, കാനോപ്പി, പ്ലേറ്റുകൾ, ഗ്ലാസ്സുകൾ, ക്ലീയറൻസ് ട്രോളി, വാട്ടർ ജഗ്ഗുകൾ, വേസ്റ്റ് ബിൻ, സ്റ്റേഷനറി, ഫാക്കൽറ്റി ഫീസ്, ക്ലീനിംഗ്/ബില്ലിംഗ് സ്റ്റാഫ് ഹോണറേറിയം, ഉദ്ഘാടന മീറ്റിംഗുകൾ മുതലായവ)

3. കുടുംബശ്രീയുടെ ലോഗോയും പേരും അടിസ്ഥാനപ്പെടുത്തി കമാനങ്ങൾ/ബാനറുകൾ സ്ഥാപിക്കുന്നതിന്

4. മറ്റ് ഫെസിലിറ്റേഷൻ ചിലവുകൾ / ഈവന്റ് മാനേജ്മെന്റ് ടീം ചിലവുകൾ

ടി തുക ഉപയോഗിച്ച് ജില്ലാമിഷനുകൾക്ക് സുപ്രസിദ്ധ ഇവന്റ് മാനേജ്മെന്റ് ടീമുകളോ , പത്ര സ്ഥാപനങ്ങളോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ

സർക്കാർ വകുപ്പുകളോ സംഘടിപ്പിക്കുന്ന മേളകളിൽ പങ്കെടുത്ത് ഭക്ഷ്യമേളകൾ നടത്താവുന്നതാണ്. എന്നാൽ ഇത്തരം ഒരു ഭക്ഷ്യമേളയക്ക് പരമാവധി 3,00,000/-രൂപയിൽ കൂടുതൽ സംഘാടകർക്ക് നൽകാൻ പാടുള്ളതല്ല. കുറഞ്ഞത് 4000 സ്ക്വയർ ഫീറ്റ് സ്ഥലമെങ്കിലും ഫുഡ്കോർട്ടിനായി ഇത്തരം മേളകളിൽ കഫേ കുടുംബശ്രീയ്ക്ക് ലഭിക്കുന്നുവെന്ന് ജില്ലാമിഷൻ ഉറപ്പ് വരുത്തണം. 3,00,000/-രൂപയ്ക്ക് മേൽ ചെലവുള്ള ഭക്ഷ്യമേളകൾ അംഗീകരിക്കാനുള്ള അധികാരം സംസ്ഥാനമിഷനായിരിക്കും.

മേളയുടെ വിവിധ ചെലവുകൾക്കായും തുടർന്നും മേളകൾ നടത്തുന്നതിലേയ്ക്കായും എല്ലാ സംരംഭകരിൽ നിന്നും വിറ്റുവരവിന്റെ 20% ജില്ലാമിഷൻ ഫീസായി ഈടാക്കേണ്ടതാണ്. കാര്യപ്രാപ്തിയുള്ള സി. ആർ.പി മാരെ ബില്ലിംഗിനായി നിയോഗിച്ച് സീൽ ചെയ്ത ടോക്കണുകളുടെ അടിസ്ഥാനത്തിലോ/ബില്ലുകളുടെ അടിസ്ഥാനത്തിലോ അതാത് ദിവസം തന്നെ സംരംഭകരുടെ ആകെ വിറ്റുവരവ് തുകയിൽ നിന്നും 20% കിഴിച്ച് ബാക്കി തുക സംരംഭകർക്ക് നൽകേണ്ടതാണ്. ഇപ്രകാരം 20% ഫീസ് പിരിക്കുമ്പോൾ സംരംഭകർക്ക് കുറഞ്ഞ നിരക്കിലുള്ള താമസ സൗകര്യം അനുയോജ്യമായ വിധത്തിൽ ഏർപ്പെടുത്തുവാൻ ജില്ലാമിഷനുകൾ ശ്രദ്ധിക്കണം. (ഇതിന്റെ ചെലവ് സംരംഭകർ വഹിക്കണം).

സംരംഭകരിൽ നിന്ന് ഈടാക്കുന്ന 20% തുക ജില്ലാമിഷൻ ഭക്ഷ്യമേളകൾക്കായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. സംസ്ഥാന മിഷൻ നൽകുന്ന സാമ്പത്തിക സഹായം ഒരു പ്രാരംഭ പ്രവർത്തന മൂലധനമായി കണക്കാക്കി മേളകൾ വിജയകരമായി നടത്തി അതിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ജില്ലാമിഷനുകൾ കൂടുതൽ മേളകൾ നടത്തുവാനാണ് താൽപര്യപ്പെടുന്നത്. ആകയാൽ ഓരോ മേളയും ഏറ്റവും ചിലവ് കുറച്ച് എന്നാൽ ഏറ്റവും വരുമാനം ലഭിക്കത്തക്ക വിധത്തിലായിരിക്കണം സംഘടിപ്പിക്കേണ്ടത്.

ജില്ലകൾക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായവും ഭൗതിക ലക്ഷ്യങ്ങളും അനുബന്ധം - 1 ൽ ചേർക്കുന്നു

മേളകളിൽ നിന്ന് ലഭിക്കുന്ന വരുമാനം മറ്റ് മേളകളുടെ നടത്തിപ്പിന് ഉപയോഗിക്കുമ്പോൾ, മേളകളിൽ ആവർത്തിച്ചു വരുന്ന ചിലവുകളായ പ്ലേറ്റുകളുടെ / ഗ്ലാസ്സുകളുടെ / ജഗ്ഗുകളുടെ / കാനോപ്പികളുടെ / ക്ലീയറൻസ് ട്രോളിയുടെ / മേശകളുടെ / കസേരകളുടെ /

ഡെസ്ക്കുകളുടെ / മറ്റ് ഉപകരണങ്ങളുടെ വാടക ഒഴിവാക്കുവാൻ ഇത്തരം വസ്തുക്കൾ വീണ്ടും ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ വിലയ്ക്ക് വാങ്ങുന്നത് പരിഗണിക്കാവുന്നതാണ്.

**മറ്റ് ചുമതലകൾ/നിർദ്ദേശങ്ങൾ**

ഭക്ഷ്യമേളകൾ കുടുംബശ്രീയ്ക്ക് നേരിട്ട് നടത്താൻ കഴിയുന്ന തരത്തിലേയ്ക്ക് കുടംബശ്രീയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. കഫേ കുടുംബശ്രീ യൂണിറ്റുകളുടെ സാമൂഹ്യ അംഗീകാരവും വർദ്ധിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ മേളകൾ സ്വന്തമായി നടത്തുവാൻ കഴിയുന്ന തരത്തിൽ ജില്ലകളിൽ കുടുംബശ്രീ ലഘുസംരംഭക യൂണിറ്റുകളായി ഈവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ ആരംഭിക്കുന്നത് പരിഗണിക്കേണ്ടതാണ്. മേളയുടെ വരുമാനം ഉപയോഗിച്ച് വാങ്ങുന്ന വസ്തുക്കൾ ടി യൂണിറ്റുകളുടെ മേൽനോട്ടത്തിൽ തുടർ ഉപയോഗത്തിനായും നൽകുന്നത് പരിഗണിക്കാം. അല്ലെങ്കിൽ മേള യുടെ വരുമാനം ഉപയോഗിച്ച് വാങ്ങുന്ന വസ്തുക്കൾ ഒരു സി.ഡി.എസ് നെ തെരഞ്ഞെടുത്തു സി.ഡി.എസിന്റെ മേൽനോട്ടത്തിൽ പുനരുപയോഗത്തിനു വേണ്ടി നൽകാം. ജില്ലാമിഷന്റെ ഉപയോഗത്തിന് മുൻതൂക്കം നൽകാൻ (വാ ടക ചാർജുകൾ ഇല്ലാതെ) നിർദ്ദേശിക്കുകയും പുറമെ നിന്നുള്ള ഉപയോഗ ങ്ങൾക്കു സി.ഡി.എസ്സ് നു വാടക ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂ ട്ടാനും നിർദ്ദേശം നൽകാം. വസ്തുക്കൾ സൂക്ഷിക്കുന്നതും മെയിന്റേൻ ചെയ്യുന്നതിനും സി.ഡി.എസ് ആയിരിക്കും. ഈ മാർഗ്ഗവും ജില്ലാമിഷനു പരി ഗണിക്കാവുന്നതാണ്. ഭക്ഷ്യമേള സംബന്ധിച്ച പൂർണ്ണ ചുമതല ജില്ലാതല സമിതിയ്ക്കായിരിക്കും. വരവ്, ചെലവ് കണക്കുകളുടെ അസ്സൽ ബില്ലുകളും വൗച്ചറുകളും സൂക്ഷിക്കേണ്ടതും മേള കഴിയുന്ന മുറക്ക് സംസ്ഥാനമിഷന് വിശദമായ റിപ്പോർട്ട് ഡി.പി.എം മാർക്കറ്റിംഗ് സമർപ്പിക്കേണ്ടതുമാണ്.

കുടുംബശ്രീ ഭക്ഷ്യമേളകളുടെ സ്വീകാര്യത കൂടിയതിന്റെ സാഹചര്യം വിലയിരുത്തുമ്പോൾ കേരളത്തിന്റെ തനത് ഭക്ഷ്യ വൈവിധ്യ ങ്ങൾ ഒരു കുടക്കീഴിൽ അതിന്റെ രുചി തനിമയോടെകൊണ്ടു വരാൻ ശേഷി യുള്ള ഭക്ഷ്യ മേളകളുടെ ഒരു ശക്തമായ സിംഗിൾ ബ്രാൻഡ് ആവാൻ കഫേ കുടുംബശ്രീ ഭക്ഷ്യമേളയ്ക്ക് സാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യ ത്തിൽ കഫേ കുടുംബശ്രീ ഭക്ഷ്യമേളകൾ വിവിധ കലാസാംസ്കാരിക, ഉൽപ്പന്ന പ്രദർശന വിപണന മേളകളോട് അനുബന്ധിച്ച് ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നതിനായി വിവിധ സർക്കാർ/സ്ഥാപനങ്ങളും, മാധ്യമ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഇവന്റ്മാനേജ്മെന്റ്

സ്ഥാപനങ്ങളും കുടുംബശ്രീ മിഷനെ സമീപിക്കാറുണ്ട്. കുടുംബശ്രീ മിഷൻ ഭക്ഷ്യമേളകൾ നടത്തുന്നതിന്റെ ലക്ഷ്യങ്ങളും ഉദ്ദേശശുദ്ധിയും മന സിലാക്കി വേണം ജില്ലാ മിഷൻ കോർഡിനേറ്ററുടെ വിവേചനാധികാരപ്ര കാരം കഫേ കുടുംബശ്രീ ഭക്ഷ്യമേളകൾ ഈ മാർഗ്ഗനിർദ്ദേശ പ്രകാരം സംഘടിപ്പിക്കേണ്ടത്. ഇത്തരം മേളകളിൽ പങ്കെടുക്കുമ്പോൾ സംരംഭ കർക്കുണ്ടാകുന്ന വരുമാനവും എക്സ്പോഷറും വിലയിരുത്തേണ്ടതാണ്. ഈ സാഹചര്യത്തിൽ മേളയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പ്ര ദർശന മേശകൾ, പാചക മേശകൾ, കസേരകൾ, കൈകഴുകുന്നതിനും പാത്രം കഴുകുന്നതിനുമുള്ള സൗകര്യം, ആവശ്യമായ ഇലക്ട്രിക് കണക്ഷൻ, പ്ലബിംഗ്, കാർപ്പെറ്റോടുകൂടിയ ഫ്ളോറിംഗ്, ശുചീകരണം, മാലിന്യസംസ്ക്ക രണം മറ്റിതര ഫർണിച്ചറുകൾ, വെള്ളം (കുടിവെള്ളം, പാചകത്തിനാവശ്യ മായ വെള്ളം, വൃത്തിയാക്കുന്നതിനുള്ള വെള്ളം) സജ്ജീകരിച്ചു തരേ ണ്ടതും സംഘാടകരുടെ ചുമതലയായി കണക്കാക്കേണ്ടതാണ്. കുടും ബശ്രീ കമ്മിറ്റ് ചെയ്യുന്ന തുകയ്ക്ക് ആനുപാതികമായ (മൂന്നു മടങ്ങെങ്കി ലും) വിറ്റുവരവ് ഭക്ഷ്യ മേളയിൽ ഉണ്ടാകുമെന്ന വിലയിരുത്തലിന്റെ അടി സ്ഥാനത്തിലാവണം ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന്റെ തീരുമാനം കൈക്കൊള്ളേണ്ടത്. മാധ്യമ സ്ഥാപനങ്ങളുമായി സഹകരിക്കുമ്പോൾ കുടുംബശ്രീ ഫുഡ്കോർട്ടിന്റേയും, യൂണിറ്റുകളുടെയും പ്രചരണാർത്ഥം ഉള്ള വാർത്താ റിപ്പോർട്ടുകൾ (ജില്ലാ അടിസ്ഥാനത്തിലെങ്കിലും കവറേജോട് കൂടി) മേള നടക്കുന്ന എല്ലാ ദിവസങ്ങളിലും നൽകുന്നുണ്ടെന്ന് ഉറപ്പുവരു ത്തേണ്ടതും ആയതിന്റെ റിപ്പോർട്ടുകളുടെ പകർപ്പ് മാധ്യമ സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം മേളകളിൽ പങ്കെടുക്കുമ്പോൾ കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾക്ക് പൊതു ജന ശ്രദ്ധ ആകർഷിക്കാൻ തക്കവണ്ണമുള്ള പ്രചരണ സാധ്യതകളും(പത്രത്തിന്റെ, ചാനലിന്റെ ജില്ലയിലെ സ്വീകാര്യത തുടങ്ങിയവ) വിലയിരുത്തി ചെയ്യാവുന്ന താണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഭക്ഷ്യമേളകൾ ജില്ലാമിഷനുകൾ ഏറ്റെടുത്ത് നടത്തിയതിൽ നിന്നുമുള്ള പാഠങ്ങളും, മറ്റു ജില്ലാ മിഷനുക ളുടെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊണ്ടുമാകണം 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ട തുകയിൽ കുറഞ്ഞത് 5 ഭക്ഷ്യമേളകൾ സംഘടിപ്പിക്കേണ്ടത്.

ജില്ലാമിഷനുകൾ നടത്തുന്ന ഭക്ഷ്യമേളകളിൽ പുതിയ യൂണിറ്റു കൾക്ക് പരമാവധി അവസരം നൽകേണ്ടതാണ്. പരമാവധി 3 മേളകളിൽ കൂടുതൽ ഒരു യൂണിറ്റിനെ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല. കുടുംബശ്രീ നട

ത്തുന്ന ഭക്ഷ്യമേളകളിൽ പങ്കെടുത്തു മികച്ച വരുമാനം നേടിയെടുക്കുകയും ബൾക്ക് കുക്കിംഗിലും, കസ്റ്റമർ ഫെസിലിറ്റേഷൻ ആന്റ് മാനേജ്മെന്റിലും, ബുക്ക് കീപ്പിംഗ് ആന്റ് അക്കൗണ്ട്സ്, കുക്കിംഗ് ഹൈജീൻ, ഫുഡ് പ്രെസന്റേഷൻ എന്നിവയിലും പെർഫോർമൻസ് ഇംപ്രൂവ്മെന്റ് ട്രെയിനിംഗ് ആന്റ് ഓൺ ദ ജോബ് ട്രെയിനിംഗ് ലഭിക്കുന്നതിന് ഭക്ഷ്യ മേളകൾ ഉതകണം. ഭക്ഷ്യമേളകളിൽ പങ്കെടുത്തു ലഭിക്കുന്ന വരുമാനവും എക്സ്പീരിയൻസും മൂലധനമായി ഉപയോഗിച്ചു സ്വയം പര്യാപ്തത കണ്ടെത്തി, കഫേ/കാന്റീൻ യൂണിറ്റായി പ്ലേസ് ചെയ്യുന്നതിനോ അല്ലെങ്കിൽ സ്വയംപര്യാപ്തമായ മാർക്കറ്റുള്ള കാറ്ററിംഗ് യൂണിറ്റായി മാറുന്നതിനോ ഉള്ള സഹായ സംവിധാനമായി കുടുംബശ്രീ ഭക്ഷ്യമേളകൾ പ്രവർത്തിക്കേണ്ടതാണ്.

ഭക്ഷ്യമേളകൾ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ട് ഓരോ മാസവും ജില്ലാമിഷൻ തയ്യാറാക്കി സംസ്ഥാനമിഷന് നൽകേണ്ടതാണ്. കുടുംബശ്രീ വെബ്സൈറ്റിലെ മോണിറ്ററിംഗ് ടേബിൾ എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പ് അപ്ഡേറ്റ് ചെയ്യാനുള്ള ചുമതല ജില്ലയിലെ മാർക്കറ്റിംഗിന്റെ ചുമതലയുള്ള ജില്ലാ പ്രോഗ്രാം മാനേജർക്കായിരിക്കും. ടി ഫോർമാറ്റിന്റെ മാതൃക അനുബന്ധം 2 ൽ ചേർക്കുന്നു. ഇതിന് പുറമേ ഓരോ മേളയ്ക്ക് ശേഷവും മേള സംബന്ധിച്ച ഒരു പ്രത്യേക റിപ്പോർട്ട് സി.ആർ.പി മാർ/ബ്ലോക്ക് കോർഡിനേറ്റർമാർ തയ്യാറാക്കി ജില്ലാ പ്രോഗ്രാം മാനേജർക്ക് നൽകേണ്ടതാണ്. ടി റിപ്പോർട്ട് ജില്ലാമിഷൻ കോർഡിനേറ്റർ മുഖേന എല്ലാ മാസവും 5-ാംതീയതിയ്ക്ക് മുമ്പ് (മുൻമാസത്തെ റിപ്പോർട്ട്) സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. ടി റിപ്പോർട്ടിന്റെ മാതൃക അനുബന്ധം 3 ൽ ചേർത്തിരിക്കുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. അക്കൗണ്ട്സ് സെക്ഷൻ (തുക അനുവദിക്കുന്നതിന്)

പകർപ്പ് : കരുതൽ / അധികം

ഉത്തരവിൻപ്രകാരം,

അക്കൗണ്ട്സ് ഓഫീസർ

ANNEXURE - I

| | | | |
|---|---|---|---|
| സാമ്പത്തികസഹായവും ഭൗതിക് ലക്ഷ്യങ്ങളും | | | |
| Food Festivals - Roll Out Details | | | |
| Sl No. | District | Physical Target | Financial allotment |
| 1 | Thiruvananthapuram | 5 | 10,00,000 |
| 2 | Kollam | 5 | 10,00,000 |
| 3 | Pathanamthitta | 5 | 10,00,000 |
| 4 | Alappuzha | 5 | 10,00,000 |
| 5 | Kottayam | 5 | 10,00,000 |
| 6 | Idukki | 5 | 10,00,000 |
| 7 | Ernakulam | 5 | 10,00,000 |
| 8 | Thrissur | 5 | 10,00,000 |
| 9 | Palakkad | 5 | 10,00,000 |
| 10 | Malappuram | 5 | 10,00,000 |
| 11 | Wayanad | 5 | 10,00,000 |
| 12 | Kozhikode | 5 | 10,00,000 |
| 13 | Kannur | 5 | 10,00,000 |
| 14 | Kasargod | 5 | 10,00,000 |

## ANNEXURE - II

## DATA MONITORING TABLE FORMAT

## FOOD FESTS - 2018-19

| DISTRICT | NUMBER OF FOOD FESTIVALS CONDUCTED | NUMBER OF UNITS PARTICIPATED | SALES TURNOVER | EXPENDITURE | APRIL | | | | MAY | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | *CUMULATIVE* | | | | NUMBER OF FOOD FESTS | NUMBER OF UNITS | SALES | EXPENDITURE | NUMBER OF FOOD FESTS | NUMBER OF UNITS | SALES | EXPENDITURE |

## ANNEXURE - III

FOOD FESTIVAL - *"DISTRICT NAME" - "EVENT NAME"*

CONDUCTED FROM *DD/MM/YY TO DD/MM/YY AT "VENUE"*

| Event Expenditure | | | | Sales Details | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| SPACE COST/SETUP COST | ADDITIONAL AMENITIES COST(including facilitation charges) | Sl No. | Name of Café Unit Participated | Day 1 | Day 2 | Day 3 | Day 4 | Day 5 | Day 6 | Day 7 | Day 8 | Day 9 | Day 10 | Total Sales | 20% Commission | Revenue |
| | | | | | | | | | | | | | | | | |